പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2805 — 09.05.2017-ലെ മറുപടിക്ക്

## സ്ഥിരം ഡ്രൈവർമാർ

ചോദ്യം
ശ്രീ. പി.കെ. അബ്ദു റബ്ബ്

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പാസഞ്ചറിതര വാഹനമോടിക്കുന്ന കെ. എസ്. ആർ. ടി. സി. യിലെ സ്ഥിരം ഡ്രൈവർമാർക്ക് പാസഞ്ചർ വാഹനവും ഓടിക്കേണ്ടതുണ്ടോ ; | (എ) | കെ.എസ്.ആർ.ടി.സി.യിലെ സ്ഥിരം ഡ്രൈവർമാർ പാസഞ്ചർ വാഹന മോടിക്കുവാനാണ് നിയോഗിക്കുന്നത്. ആവശ്യ സന്ദർഭങ്ങളിൽ മാത്രമാണ് പാസഞ്ചറിതര വാഹനമോടിക്കുവാൻ നിയോഗിക്കുന്നത്. |
| (ബി) | പാസഞ്ചറിതര വാഹനമോടിക്കുന്നതിന് ഡ്രൈവർമാരെ തെരഞ്ഞെടുക്കുന്നതിന് മാനദണ്ഡമുണ്ടാക്കാതെ വർഷങ്ങളായി കുറച്ചു പേരെ പ്രസ്തുത വാഹനങ്ങളോടിക്കുന്നതിന് അനുവദിക്കുന്നതിനാൽ മറ്റ് ഡ്രൈവർമാർക്ക് അവസരം നഷ്ടപ്പെടുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽ പെട്ടിട്ടുണ്ട്.<br>കെ. എസ്. ആർ. ടി. സി. യിൽ പാസഞ്ചർ വാഹനം ഓടിക്കുന്നതിനുവേണ്ടിയാണ് ഡ്രൈവർമാരെ നിയോഗിക്കുന്നത്. പാസഞ്ചറിതര വാഹനമോടിക്കുന്നതിന് സ്ഥിര ഒഴിവില്ലാത്തതിനാൽ അതിനായി മാനദണ്ഡമുണ്ടായിട്ടില്ല. |
| (സി) | എങ്കിൽ പൊതുമേഖല സ്ഥാപനമായ കെ.എസ്.ആർ.ടി.സി.യിൽ പാസഞ്ചർ ഇതര വാഹനങ്ങളോടിക്കുന്നതിന് ഡ്രൈവർമാരെ നിയോഗിക്കുന്നതിന് മാനദണ്ഡമുണ്ടാക്കുമോ? | (സി) | കെ. എസ്. ആർ. ടി. സി. യിൽ പാസഞ്ചർ ഇതര വാഹനമോടിക്കുന്നതിന് സ്ഥിരം ഒഴിവില്ലാത്തതിനാൽ ആയതിലേക്ക് പ്രത്യേക മാനദണ്ഡമുണ്ടാക്കുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ